<u>അടിയന്തര പ്രമേയം</u>

<u>നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ</u>

<u>മി. സ്പീക്കർ</u>: ശ്രീ. എ.കെ. ശശീന്ദ്രൻ ശ്രദ്ധക്ഷണിക്കലായി ഈ വിഷയം മുമ്പ് നന്നിട്ടുണ്ട്. അതുകൊണ്ട് ശ്രീ. രാജു എബ്രഹാമിന്റെ ഇന്നത്തെ സബ്മിഷൻ ഇതോടുകൂടി ഇല്ലാതാകുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, എന്റെ വിഷയം വേറെയാണ്. ഇത് രണ്ടും രണ്ട് വിഷയങ്ങളാണ്. എന്റെ സബ്മിഷൻ അങ്ങ് കേട്ടുനോക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ്......നിങ്ങൾ സബ്മിഷൻ തരുമ്പോൾ പരസ്പരം ആലോചിക്കണം. പ്ലീസ്..........സബ്മിഷൻ അങ്ങനെ കേൾക്കാൻ കഴിയില്ല. അതിനുള്ള സമയമില്ല. ഇവിടത്തെ ചിട്ടയനുസരിച്ച് തന്നിരിക്കുന്ന വിഷയത്തിനുമുകളിൽ അടിയന്തരപ്രമേയം വന്നാൽ അടിയന്തര പ്രമേയം മാത്രമെ എടുക്കാറുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഇന്നയാൾ സബ്മിഷൻ തന്നിട്ടുണ്ടെന്ന് പറയുക എന്നുള്ളതാണ് മര്യാദ. അത് ഞാനിവിടെ പാലിച്ചിരിക്കുന്നു.

സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വില, കടത്തുകൂലി, ലോറി, ടിപ്പർ ചാർജ്ജുകൾ തുടങ്ങിയവ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികളുടെ ഇനത്തിൽ രണ്ടായിരത്തി അഞ്ഞൂറ് കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശികയായിരിക്കുന്നതിനാലും സംസ്ഥാനത്തെ നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലായിരിക്കുകയും തൊഴിലാളികളും കുടുംബങ്ങളും ജീവിതം വഴിമുട്ടി ആശങ്കാകുലരായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മുല്ലക്കര രത്നാക

രൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയി ട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി. (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ മേഖലയിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് കണ്ടുകൊണ്ട് ഗവൺമെന്റ് ഈ വിഷയം പരിഹരിക്കാനാവശ്യമായ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സഭയിൽ ഒന്നിൽക്കൂടുതൽ പ്രാവശ്യം ഈ വിഷയം ചർച്ച ചെയ്തതുമാണ്. കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്തുകൊണ്ട് ഈ മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായി ഈ വിഷയങ്ങളെല്ലാം ചർച്ച ചെയ്തു. അതിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അത് ഞാൻ വായിക്കാം.

മണൽ ക്ഷാമം പരിഹരിക്കുന്നതിനായി ഡാമുകളിൽനിന്ന് മണൽ വാരുന്ന കാര്യം പരിശോധിക്കും. പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത രീതി യിൽ പാറഖനനം നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കും. വിദേശരാജ്യങ്ങളിൽനിന്നും മണൽ ഇറക്കുമതി ചെയ്യുന്ന കാര്യം മന്ത്രിസഭായോഗത്തിൽ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്. ഈ വിഷയത്തിൽ ആവശ്യമെങ്കിൽ സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുന്ന താണ്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കും. ഇതാണ് റിസോഴ്സസിന്റെ അവയിലബിലിറ്റിയെക്കുറിച്ച് കൈക്കൊണ്ടിട്ടുള്ള തീരുമാനം. ഗവൺമെന്റ്

കോൺട്രാക്ടർമാരുടെ വിഷയത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സെപ്തംബർ മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. അതിനുശേഷമുള്ള കുടിശ്ശിക അവശേഷിക്കുന്നു. അത് കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി വളരെ ലാഘവത്തോടെയാണ് ഈ പ്രശ്നത്തെ സമീപിച്ചത്. ഇത് അദ്ദേഹത്തിനുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല. ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം ഇടപെടേണ്ട ഒരു വിഷയമാണ്. ആ അർത്ഥത്തിൽ ഈ സാഹചര്യത്തെ വിലയിരുത്താൻ ക്യാബിനറ്റോ മറ്റ് ഏതെങ്കിലും ചർച്ചകളോ കേരളത്തിൽ നടക്കുന്നതായോ പരിഹാരം നിർദ്ദേശിക്കുന്നതായോ മനസ്സിലാകുന്നില്ല. കേരളത്തിലെ കരാറുകാരെല്ലാംകൂടി തീരുമാനമെടുത്തത് ഈ മാസം 15−ാം തീയതി മുതൽ ഒരു വർക്കും ചെയ്യുന്നില്ലെന്നാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ വർക്കുകളും സ്തംഭനത്തിലാകുകയാണ്. പുതിയ കരാർ ഇപ്പോൾ ആരുമെടുക്കുന്നില്ല. ആലപ്പുഴ ജില്ലയിലെ എടത്വയിൽ സെബാസ്റ്റ്യൻ എന്ന 53 വയസ്സുകാരൻ വാട്ടർ അതോറിറ്റിയിലെ കരാറുകാരനായിരുന്നു. മകളുടെ കല്യാണത്തിന് പണമില്ലാത്തതുകൊണ്ട് അദ്ദേഹം ഹൃദയംപൊട്ടി മരിച്ചുവെന്നാണ് ഇന്നത്തെ കേരളകൗമുദി ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 16 ലക്ഷം രൂപയാണ് അദ്ദേഹത്തിന് കൊടുക്കാനുള്ളത്. ആ പണം കൊടുക്കാനില്ലാതായിട്ട് മൂന്ന് വർഷമായി. കേരളത്തിലെ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാരുടെയും മന്ത്രിമാരുടെയും മണ്ഡലങ്ങളിലെ

സ്ഥിതി ഇതാണ്. കരാറുകൾ ടെണ്ടർ ചെയ്താൽ ഒരു കോൺട്രാക്ടറും എടു ക്കുന്നില്ല. വർക്ക് തുടങ്ങിയാൽ ആ സ്ഥിതിയിൽത്തന്നെ നിർത്തിയിട്ട് പോകുകയാണ്. പണം കൊടുക്കാത്തതുകൊണ്ട് താഴെത്തട്ടിലെ സാധാരണ മനുഷ്യന്റെ ജീവിതം അതായത് അദ്ധ്വാനിച്ച് ജീവിക്കുന്ന, അന്നന്നത്തെ അത്താഴത്തിന് സ്വന്തം അദ്ധ്വാനം മുടക്കുന്ന സ്ഥലത്ത് ഒരു ജീവിത സ്തംഭനം ഉണ്ടായിരിക്കുന്നു. അതുകൊണ്ടാണ് തൊഴിൽ വകുപ്പുമന്ത്രി ഇതിൽ ഇടപെടണമെന്ന് നിർദ്ദേശിച്ചത്. മറ്റ് മന്ത്രിമാരും ഇതിന് മറുപടി പറയേണ്ടതുണ്ട്. പണത്തെക്കുറിച്ച് ബഞ്ചമിൻ ഫ്രാങ്ക്ളിൻ ഒരു സംഭവം പറഞ്ഞിട്ടുണ്ട്. 'പണം, സമ്പാദിച്ചുകൂട്ടിവയ്ക്കുന്നവരുടേതല്ല, അത് ചെല വഴിച്ച് അനുഭവിക്കുന്നവരുടേതാണ്'. പണം ഏറ്റവും ചെറുതായി ചെലവഴിച്ച് മിനിമം വിശപ്പടക്കി അന്തസ്സ് പുലർത്തി ജീവിക്കുന്ന കേരളത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവർ അഞ്ച് ശതമാനമുണ്ട്. അധികാരി എവിടെയാണെന്നോ, മന്ത്രി ആരാണെന്നോ, സെക്രട്ടേറിയറ്റ് എങ്ങനെയാണെന്നോ അറിഞ്ഞു കൂടാത്തവരാണിവർ. അവരുടെ ജീവിതമാണ് കേരളത്തിൽ ഏറ്റവും കഷ്ട ത്തിലായത്. ആ ജീവിതത്തോടൊപ്പം പങ്കുചേരുന്നത് അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇവിടെവന്ന് പണിയെടുക്കുന്ന തൊഴിലാളിക ളാണെന്ന് അങ്ങ് മനസ്സിലാക്കണം. എറണാകുളത്തോ തിരുവനന്തപുരത്തോ ഏതെങ്കിലും വലിയ പദ്ധതികളിൽ പണിയെടുത്തതല്ല, ഗ്രാമങ്ങളിൽ അവർ പണിയെടുത്ത എല്ലാ സംവിധാനങ്ങളും നിശ്ചലമായിരിക്കുകയാണ്. അവ രുടെ ജീവിതം നരകതുല്യമായിരിക്കുകയാണ്. കേരളത്തിൽനിന്ന് ഒരു ജീവിതം കണ്ടെത്താൻവേണ്ടി ഇവിടെ വന്ന അന്യസംസ്ഥാന തൊഴിലാളി കൾകൂടി നമ്മുടെ താഴെത്തട്ടിലെ ഏറ്റവും ന്യൂനപക്ഷമായ അഞ്ച് ശതമാന

ത്തോടൊപ്പം പട്ടിണിക്കാരായി മാറുകയാണ്. ഇതൊരു അസാധാരണ സംഭവമാണ്. ഇനി വരാൻ പോകുന്നത് കർക്കിടക മാസമാണ്. കർക്കിടക മാസം കാലന്റെ മാസമാണ്. കാലന്റെ രൂപം എന്താണെന്ന് ആർക്കും അറിഞ്ഞുകൂടാ. കാലന്റെ രൂപം ഇവിടത്തെ മന്ത്രിമാരുടെ മുഖമാണെന്ന് കേരളം തിരിച്ചറിയാൻ പോകുന്നത് ഈ കർക്കിടക മാസത്തിലാണ്. ...........(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്......... ഇതൊക്കെ പറയുന്നവരുടെ മനോഭാവമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, താഴെത്തട്ടിലെ ഈ സംവിധാനത്തിന്റെ കാരണമെന്താണെന്നുവച്ചാൽ ഗവൺമെന്റിന്റെ കോൺട്രാക്ട് പണികൾ നടക്കാതിരുന്നാലും നേരത്തെയുള്ള സാമ്പത്തിക സംവിധാനം നിലനിന്നാൽ താഴെത്തട്ടിലെ സ്വകാര്യ വീടുവയ്ക്കലുകളും അത്യാവശ്യം നടക്കും. ഇപ്പോൾ അതും നടക്കുന്നില്ല. അത് നടക്കാത്തതിന്റെ പ്രധാന കാരണം കേരളത്തിൽ കഴിഞ്ഞ ഒരു മാസത്തിനിട യിൽ സിമന്റിന് 60 രൂപയും കമ്പിക്ക് 50 രൂപയിലധികവുമാണ് വില വർദ്ധിച്ചത്. മണലിന്റേയും കല്ലിന്റെയും വില വർദ്ധിച്ചു. ഇങ്ങനെ എല്ലാത്തിനും വില വർദ്ധിക്കുമ്പോൾ ബഡ്ജറ്റിലെ ഒരു പ്രവർത്തനം തുടങ്ങി ക്കൊണ്ട് ഒരു ചെറിയ പണിപോലും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഇതിന്റെയെല്ലാം വില നിശ്ചയിക്കാൻ പണ്ട് കേന്ദ്രത്തിനുകൂടി അവകാശമു ണ്ടായിരുന്നു. ഇപ്പോൾ സിമന്റിന്റെയും കമ്പിയുടെയും പെട്രോളി ന്റെയുമൊക്കെ വില നിശ്ചയിക്കാനുള്ള അവകാശവും മുതലാളിമാർക്കാണ്. അതുകൊണ്ട് അദ്ധ്വാനംകൊണ്ട് അന്നന്നത്തെ അത്താഴത്തിന് വകയുണ്ടാ

ക്കുന്ന താഴെത്തട്ടിലുള്ള സാധാരണ തൊഴിലാളികൾക്ക് വർക്ക് കൊടുക്കാൻ നിവർത്തിയില്ലാത്ത ഒരവസ്ഥ കേരളത്തിലുണ്ട്. അതിന്റെ കൂട്ടത്തിൽ റബ്ബറിന്റെ വിലയിടിവുകാരണം ടാപ്പിംഗ് തൊഴിലാളികളുടെയും സാധാരണ കർഷകന്റേയും ജീവിതംകൂടി അസാധാരണമാംവിധം നരകതുല്യമായി.

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നതിൽ റബ്ബറിന്റെ കാര്യമൊന്നും വന്നിട്ടില്ല. പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്.....ഇനിയിപ്പോൾ റബ്ബറും മരച്ചീനിയും നെല്ലുമൊക്കെവരും. എല്ലാംകൂടി ഒന്നിൽ സംസാരിക്കാൻ കഴിയില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, താഴെത്തട്ടിലുള്ള ഗ്രാമീണ ജീവിതത്തിന്റെ ഒരു ദുരിതാവസ്ഥയാണിത്. അതിന് തൊഴിൽ വകുപ്പുമന്ത്രിക്ക് ഉത്തരവാദിത്തമുണ്ട്; ധനകാര്യ വകുപ്പുമന്ത്രിയാണ് അത് തരേണ്ടതും. കേരളത്തിൽ ഇത്ര അസാധാരണമായ ദാരിദ്ര്യം താഴെത്തട്ടിൽ നിലനിൽക്കുമ്പോഴും, ആയകാലത്ത് അദ്ധ്വാനിച്ച് 60 വയസ്സ് കഴിഞ്ഞ് പെൻഷൻ കാത്തിരിക്കുന്നവർക്ക് ഒരു കട്ടൻകാപ്പി വാങ്ങിക്കുടിക്കാനുള്ള പെൻഷൻ കൊടുക്കുന്നില്ല.

ഈ അസാധാരണമായ സാഹചര്യം കേരളത്തെ പട്ടിണിയിലേക്കും ആത്മാഭിമാനം സംരക്ഷിക്കാൻവേണ്ടി ആത്മഹത്യയിലേക്കും നയിക്കും. ഈ അസാധാരണമായ സാഹചര്യം കേരളത്തിൽ മന്ത്രിസഭകൂടി ചർച്ച ചെയ്യണം. കടം കിട്ടാൻ നിവൃത്തിയില്ലാത്തവർ പണം എങ്ങനെയാണ് കണ്ടെത്തുന്നത്? താഴെത്തട്ടിലുള്ള പാവപ്പെട്ട ഒരു മനുഷ്യന് അവന്റെ കൊച്ചുജീവിതത്തിന്റെ മിനിമം ആവശ്യം നിർവ്വഹിക്കാൻ പണം കടം കിട്ടാനുള്ള സൗകര്യമില്ല. അവന്റെ സൗകര്യത്തിന് അത്യാവശ്യം അദ്ധ്വാനം കൊടുക്കാമെന്നു

പറഞ്ഞാലും അത് മേടിക്കാനാളില്ല; അത്താഴം മുടങ്ങുന്ന അവസ്ഥയാണ് അവന്റെ മുമ്പിലുള്ളത്. അക്ഷരാർത്ഥത്തിൽ പാവപ്പെട്ട ഗ്രാമീണരുടെ മുമ്പിൽ ജീവിതം വെല്ലുവിളിയായി നിൽക്കുകയാണ്. ആ വെല്ലുവിളികൾക്ക് കാരണം കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ നയവും സംവിധാനവുമാണ്. അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളെക്കുറിച്ച് പരാമർശിച്ചു കഴിഞ്ഞു. ശ്രീ. മുല്ലക്കര രത്നാകരനോട് എല്ലാ ബഹുമാനവും ഉണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വളരെ താല്പര്യമുള്ളയാളാണ് ഞാൻ. പക്ഷെ, ഈ കാര്യത്തിൽ വിഷയദാരിദ്ര്യം കൊണ്ടാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം വന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. (ബഹളം.........). സാധാരണജനങ്ങളെ സംബന്ധിച്ച് അവർ നോക്കുമ്പോൾ കാലന്റെ മുഖമാണ് ഇവിടത്തെ മന്ത്രിമാരിൽ കാണാൻ സാധിക്കുന്നതെങ്കിൽ ഒരു കാര്യമോർക്കണം കാലനൊരു പോത്തിന്റെ പുറത്താണ് നിൽക്കുന്നത്. ആ പോത്തിന്റെ മുഖം കാണുമ്പോൾ അപ്പുറത്തുള്ള പലരുടെയും മുഖത്തിന് സാമ്യമുണ്ടെന്നുള്ളതാണ് അതിന്റെ വസ്തുത. (ബഹളം..............) അങ്ങ് അനുവദിച്ചതുകൊണ്ടാണ് ഞാൻ ഇക്കാര്യത്തെക്കുറിച്ച്............... (ബഹളം........)

മി. സ്പീക്കർ: ...........പ്ലീസ്........... പ്ലീസ്................ഒരു വാചകം പറയട്ടെ. പ്ലീസ്........... രണ്ടുകൂട്ടരും പറയുമ്പോൾ നമ്മൾ പരസ്പരം നമ്മളെക്കുറിച്ചാണ് പറയുന്നതെന്ന് ദയവായി ഒന്നാലോചിക്കണം. പോത്തായാലും എരുമയായാലും എല്ലാം ശരിതന്നെ.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഗവൺമെന്റ് കരാറുകാരുടെ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് ലഭിച്ചിട്ടുള്ള വിവരം 2500 കോടി രൂപയല്ല 1400 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്. സെപ്റ്റംബറിലെ കുടിശ്ശിക കൊടുത്തിട്ടുണ്ട്. എല്ലാകാലത്തും 800 മുതൽ 1000 കോടി രൂപ വരെയുള്ള കുടുശ്ശിക നിലനിൽക്കാറുണ്ട്. ഇപ്പോൾ 1400 കോടി രൂപയുടെ കുടിശ്ശികയുണ്ട്. അത് കൊടുത്ത് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂലൈ 15 മുതൽ പണിമുടക്ക് എന്ന് പറഞ്ഞു. പണിമുടക്കാനുള്ള അവകാശം അവർക്കുണ്ട്, അതെല്ലാം അംഗീകരിക്കുമ്പോഴും ഗവൺമെന്റിനെ വെല്ലുവിളിക്കാൻ ആരെയും അനുവദിക്കില്ലെന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിർമ്മാണ സാമഗ്രികളുടെ ക്ഷാമം ഇല്ലെന്നു പറയുന്നത് ശരിയല്ല. കണ്ണൂർ ജില്ലയിൽ, കരിങ്കൽ ക്വാറികളിൽനിന്നും കരിങ്കല്ല് കിട്ടുന്നില്ല. ചെറിയ പണികളുൾപ്പെടെയുള്ള റോഡുപണികൾ മുഴുവൻ സ്തംഭിച്ചിരിക്കുകയാണ്. അവിടത്തെ പ്രധാന പ്രശ്നം, കൂട്ടുപുഴ അതിർത്തിയിലാണ് മുഴുവൻ കരിങ്കൽ ക്വാറികളും വർക്ക് ചെയ്യുന്നത്. ഈ കരിങ്കൽ ക്വാറികളിൽ ഉണ്ടാക്കുന്ന മുഴുവൻ കരിങ്കല്ലും പോകുന്നത് കർണ്ണാടകത്തിലേയ്ക്കാണ്. കേരളത്തിലുള്ള ഉല്പാദനം കേരളത്തിൽ കിട്ടുന്നില്ലായെന്നുള്ളതാണ് പ്രശ്നം. അടിയന്തരമായി കർണ്ണാടകത്തിലേക്ക് കരിങ്കല്ല് കൊണ്ടുപോകുന്നത് തടയണം. കേരളത്തിലെ ആവശ്യം കഴിഞ്ഞിട്ടുമാത്രമേ മറ്റു സംസ്ഥാനത്തിന് വിട്ടുകൊടുക്കാൻ പാടുള്ളൂയെന്ന ഒരു നിരോധനം ഏർപ്പെടുത്തണം. അല്ലെങ്കിൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് വരാൻ പോകുന്നത്. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിനൊരു

പരിഹാരം കാണുന്നില്ലെങ്കിൽ ഇവിടെ നിന്ന് മണൽ അങ്ങോട്ടു കൊണ്ടുപോകുകയും, അവിടെ നിന്ന് ഇങ്ങോട്ട് കൊണ്ടുവരാതിരിക്കുകയും ചെയ്യും. അവിടെ നിന്ന് സാധനം ഇങ്ങോട്ട് വരുന്നില്ല; അതുകൊണ്ട് കേരളത്തിന്റെ ഉല്പ്പന്നം കേരളത്തിനകത്ത് കിട്ടാനുള്ള അടിയന്തര നടപടികൾ ഈ ഗവൺമെന്റ് ചെയ്യണം.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പറയുന്ന ആവശ്യം വളരെ ന്യായമാണ്. ഇവിടെനിന്ന് അങ്ങോട്ടൊന്നും വിടാതിരുന്നാൽ........ അരിയും മറ്റു സാധനങ്ങളും അവിടെനിന്ന് ഇങ്ങോട്ടും വരില്ല. കർണ്ണാടകത്തിൽ നിന്നും ആന്ധ്രയിൽ നിന്നും........ ജീവിതത്തിന് ആവശ്യം മണൽ മാത്രമല്ല. മറ്റു സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ ഇങ്ങോട്ടു വരാതിരുന്നാൽ ...............

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വളരെ ഗൗരവമുള്ള വിഷയംതന്നെയാണ്. ഗൗരവമായ ഈ വിഷയം കണക്കിലെടുത്ത് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ചർച്ച ചെയ്ത് തീരുമാനിച്ച കാര്യങ്ങളാണ് പറഞ്ഞത്. മണൽ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുള്ളതുകൊണ്ട് സർവ്വകക്ഷിയോഗംകൂടി ആ പ്രശ്നങ്ങളെങ്ങനെ തരണം ചെയ്യണമെന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഞാനാദ്യം പറഞ്ഞത് ഗവൺമെന്റ് കോൺട്രാക്ടർമാരുടെ കാര്യമാണ്. ഈ വിഷയം നിരവധി തവണ ചർച്ച ചെയ്തുവെങ്കിലും, നാച്വറൽ റിസോഴ്സസിന്റെ പോരായ്മ ഒരു വിഷയംതന്നെയാണ്. അത് കേരളം ഗൗരവത്തോടുകൂടി കാണേണ്ടതാണ്. അത് റീസെന്റ് ഒക്കറൻസൊന്നുമല്ല. കുറെക്കാലമായി സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ഒരു പരിസമാപ്തിയായി നടക്കുന്നതാണ്. ഈ മേഖലയിൽ നിയന്ത്രണങ്ങൾ വേണം, പരിസ്ഥിതി

സംരക്ഷിക്കണം. നമ്മളെല്ലാവരും പരിസ്ഥിതി സ്നേഹികളാണ്. പക്ഷെ, പരിസ്ഥിതി തീവ്രവാദികളും നമ്മുടെ സമൂഹത്തിലുണ്ട്. ഇതുസംബന്ധിച്ച് വളരെ ഗൗരവമുള്ള റിപ്പോർട്ട് ഈയടുത്ത ദിവസങ്ങളിലായി പത്രങ്ങളിൽ വരുന്നുണ്ട്. ഐ.ബി. കൊടുത്തിരിക്കുന്ന റിപ്പോർട്ടനുസരിച്ച് ഇവിടത്തെ പരിസ്ഥിതി സംഘടനകൾക്ക് പല പ്രക്ഷോഭങ്ങൾക്കും വിദേശഫണ്ടുകൾ ലഭിക്കുന്നു എന്ന് ആധികാരികമായി റിപ്പോർട്ട് കൊടുത്തിരുന്ന കാലഘട്ടത്തി ലാണിത്. കേരളത്തിൽ ഒരു സമന്വയമുണ്ടാക്കി പരിസ്ഥിതി സംരക്ഷിക്കുന്ന തിനോടൊപ്പംതന്നെ നമ്മുടെ ആവശ്യങ്ങൾക്കുള്ള നാചുറൽ റിസോഴ്സസ് എങ്ങനെ കണ്ടെത്താമെന്നും, ഇവിടെ സാധ്യമല്ലെങ്കിൽ മറ്റ് പ്രദേ ശങ്ങളിൽനിന്ന് കൊണ്ടുവരുന്നതിനെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്. ഇതിനെ സംബന്ധിച്ച് കൂട്ടായ ഒരു തീരുമാനം എടുക്കേണ്ടതാണ്. ഇത് ഇന്നലെ സംഭവിച്ച കാര്യമല്ല; ഗവൺമെന്റ് അതിന്റെ ഗൗരവം ഉൾക്കൊണ്ട് നടപടിയെടുക്കാൻ തയ്യാറാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടി സ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധി ക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, സംസ്ഥാ നത്ത് നിർമ്മാണമേഖല പൂർണ്ണമായി സ്തംഭിച്ചതിനെ സംബന്ധിച്ചും അത് നമ്മുടെ സാമൂഹികജീവിതത്തെ നിശ്ചലമാക്കിയതിനെ സംബന്ധിച്ചും ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. എന്നാൽ ഇതൊന്നും കാണാനും കേൾക്കാനും ഉമ്മൻചാണ്ടി സർക്കാരിന് സമയമില്ലെന്ന് മാത്രമല്ല

അവർക്കതിനുള്ള മനസ്സുമില്ല. നിർമ്മാണ മേഖല നിശ്ചലമായാലും, ജന ജീവിതം സ്തംഭിച്ചാലും, ജനങ്ങൾക്ക് തൊഴിലില്ലാതായാലും ഈ സർക്കാരിന് ഒരു ചുക്കുമില്ലായെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് സഹായകരമായ നിർമ്മാണമേഖല സ്തംഭിച്ചിരിക്കുന്നു, അനധി കൃതനിർമ്മാണം പൊടിപാറുകയാണ്. അതിലാണ് ഈ സർക്കാരിന് താല്പ ര്യം. ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് സർക്കാർ 2500 കോടി രൂപ കുടി ശ്ശികയിനത്തിൽ നല്കാനുണ്ടെന്നാണ് കണക്ക് വന്നിട്ടുള്ളത്. ഇത് അവർ സ്വന്തം കീശയിൽനിന്ന് ചെലവാക്കി സർക്കാരിനുവേണ്ടി പണി ചെയ്ത താണ്. അതാണ് അവർക്ക് വർഷങ്ങളായി കുടിശ്ശിക വരുത്തിയിരിക്കുന്നത്. രണ്ടുമാസംമുൻപ് ഗവൺമെന്റ് കോൺട്രാക്ടർമാർ കുടിശ്ശികപ്പണം ആവശ്യ പ്പെട്ട് സെക്രട്ടേറിയറ്റിന് മുൻപിൽ മാർച്ച് നടത്തിയതാണ്. ആ സമരം ഉദ്ഘാ ടനം ചെയ്തത് ഞാനാണ്. ആ സമരത്തിന് ശേഷം (ജൂൺ ഒന്നുമുതൽ) ഗവൺമെന്റ് കോൺട്രാക്ടർമാർ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവച്ചിരി ക്കുകയാണ്. അതായത്, സർക്കാരുമായി ബന്ധപ്പെട്ട യാതൊരു വികസന പ്രവർത്തനവും നടക്കുന്നില്ലെന്നാണ് ഇതിന്റെ അർത്ഥം. ഇതാണോ സർക്കാ രിന്റെ വികസനവും കരുതലും? ഇതാണോ അതിവേഗം ബഹുദൂരം? 2500 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടെന്നുപറയുമ്പോൾ അത്രയും രൂപയുടെ ക്രയവിക്രയം ഇവിടെ നടക്കുന്നില്ലെന്നാണർത്ഥം. കരാ റുകാർക്ക് നൽകാനുള്ള പണം കുടിശ്ശികയായതുകൊണ്ട് ഇവിടെ കച്ചവടവും മറ്റു ക്രയവിക്രയങ്ങളുമൊന്നും നടക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ഭക്ഷണം, തൊഴിൽ, കച്ചവടം തുടങ്ങി വിവിധമേഖലകളെ ഇത് ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കുട്ടനാട്ടിൽ കുടിശ്ശിക കിട്ടാനുണ്ടായിരുന്ന ഒരു

കോൺട്രാക്ടർ അടുത്ത ദിവസം മരിച്ച വാർത്ത ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ലേ; സ്വന്തം മകളുടെ വിവാഹം നടത്താൻ നിവൃത്തിയില്ലാതെ ചങ്ക് പൊട്ടിയാണ് ആ മനുഷ്യൻ മരിച്ചത്. ഇങ്ങനെപോയാൽ കോൺട്രാക്ടർമാർ താമസിയാതെ ആത്മഹത്യയിലേക്ക് പോകേണ്ട അവസ്ഥയും വന്നുകൂടായ്കയില്ല. അതാണോ ഈ സർക്കാർ കാത്തിരിക്കുന്നത്?

ഇന്ന് സ്വകാര്യ മേഖലയിലെ കോൺട്രാക്ടർമാർ സെക്രട്ടേറിയറ്റിനുമുന്നിൽ ധർണ്ണ നടത്തുകയാണ്. നിർമ്മാണ സാമഗ്രികളുടെ അന്യായമായ വിലക്കയറ്റവും അത് നിയന്ത്രിക്കുന്നതിലുള്ള സർക്കാരിന്റെ ദയനീയമായ പരാജയവും ചൂണ്ടിക്കാട്ടിയാണ് അവർ സമരം ചെയ്യുന്നത്. സ്വകാര്യ കോൺട്രാക്ടർമാർ കൂടി പണി ചെയ്യാതാകുന്നതോടെ നിർമ്മാണ മേഖല അക്ഷരാർത്ഥത്തിൽ സ്തംഭിക്കും. നിർമ്മാണ മേഖല സ്തംഭിക്കുകയെന്നുപറഞ്ഞാൽ നാടിന്റെ വികസന പ്രവർത്തനങ്ങളെല്ലാം നിശ്ചലമാകുന്നു എന്നർത്ഥം. ഇതു പരിഹരിക്കാതെ മുന്നോട്ടുപോകാനാവില്ല. സർക്കാരാണ് അതിന് മുന്നിട്ടിറങ്ങേണ്ടത്. നിർമ്മാണ സാമഗ്രികളായ കമ്പി, സിമെന്റ്, ചരൽ മുതലായവയുടെ വിലക്കയറ്റം തടയാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കണം. ഇറക്കുമതിയുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കണം. അതോടൊപ്പം നിർമ്മാണ മേഖലയെ ചലനാത്മകമാക്കാൻവേണ്ടി കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തരമായി കൊടുക്കണം. ഇതുസംബന്ധിച്ച് പ്രസ്താവനയോ പ്രഖ്യാപനമോ നടത്താതെ കാര്യങ്ങൾ നടപ്പിലാക്കുകയും അത് അവരുടെ ജീവിതത്തിൽ അനുഭവപ്പെടുകയും വേണം. അതിനുള്ള ആർജ്ജവവും ഇച്ഛാശക്തിയുമാണ് സർക്കാർ കാണിക്കേണ്ടത്. എന്നാൽ ജനജീവിതത്തെ ബാധിക്കുന്ന ഒരു കാര്യത്തിലും നിങ്ങൾക്ക് താൽപര്യമില്ല

ല്ലോ? അതുകൊണ്ടാണ് സംസ്ഥാനത്തെ സ്തംഭനത്തിലാക്കുന്ന ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ നിങ്ങൾ കൂട്ടാക്കാത്തത്. സർക്കാരിന്റെ ഈ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നിർമ്മാണ മേഖലയുടെ സ്തംഭനം യാഥാർത്ഥ്യമാണെന്നും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റമാണ് ഇതിന്റെ പ്രധാന പ്രശ്നമെന്നും എല്ലാവർക്കുമറിയാം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിലുള്ള തടസ്സം സംബന്ധിച്ചുള്ള കാര്യങ്ങളും വ്യക്തമാണ്. റെയിൽവേ ചരക്കുകൂലി വർദ്ധിച്ചതിനെത്തുടർന്നുണ്ടായ സാഹചര്യം ഇവിടെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞതാണ്. ഇതിന്റെയടിസ്ഥാനത്തിലാണ് നിർമ്മാണ മേഖലയെ ആശ്രയിച്ച് തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളനുഭവിക്കുന്ന പ്രയാസങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും വിശദമായി ചർച്ച ചെയ്യാനും ഇങ്ങനെയൊരു അടിയന്തര പ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഭരണപക്ഷം സ്വീകരിച്ച സമീപനവും വിഷയാവതരണവേളയിൽ നടത്തിയ പരാമർശങ്ങളുമൊന്നും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോൺട്രാക്ടർമാർക്ക് സർക്കാർ പണം നൽകാനുണ്ടെന്നത് വസ്തുതയാണ്. സംഖ്യയെത്രയാണ് എന്നതിനെക്കുറിച്ചുമാത്രമേ മന്ത്രിക്ക് തർക്കമുള്ളൂ. കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

ഉൾപ്പെടെയുള്ളവർ രണ്ടായിരം കോടി രൂപയോളം നൽകാനുണ്ടെന്നും കഴിയുന്നതും വേഗം നൽകുമെന്നുമാണ് പറഞ്ഞത്. ഇതുവരെ നൽകിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നമ്മുടെ നാട്ടിൽ ലഭ്യമാകേണ്ട മണലും കരിങ്കല്ലുമുൾപ്പെടെയുള്ള സാധനങ്ങൾ വളരെ വലിയ പ്രശ്നങ്ങളെ നേരിടുകയാണ്. കമ്പിയും സിമന്റും കടത്തിക്കൊണ്ടുവരാനുള്ള പ്രയാസം മാത്രമല്ല ക്രമാതീതമായ വിലവർദ്ധനവും നിർമ്മാണമേഖലയെ സാരമായി ബാധിക്കുന്നുവെന്ന സത്യം കണ്ടില്ലെന്ന് നടിക്കുന്നതിലർത്ഥമില്ല. അത്തരമൊരു സാഹചര്യത്തിലാണ് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യണമെന്നു പറഞ്ഞത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ഞമാസം വരുകയാണ്. ആ മാസത്തിൽ നിർമ്മാണ മേഖല പൂർണ്ണമായി സ്തംഭിക്കുന്ന സാഹചര്യത്തിൽ അതിനെ ആശ്രയിച്ചുമാത്രം ജീവിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലേക്ക് വലിച്ചെറിയപ്പെടുമെന്നുള്ള യാഥാർത്ഥ്യമാണിവിടെ ചൂണ്ടിക്കാണിക്കപ്പെട്ടത്. ആ വിഷയത്തിൽ ഇവിടെ പ്രകടിപ്പിച്ച അസഹിഷ്ണുതക്ക് ഒരടിസ്ഥാനവുമില്ല. ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയം തന്നെയായിരുന്നു. പാവങ്ങളിൽ പാവങ്ങളായ തൊഴിലാളികളുടെ വിഷയമാണിവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ആ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നിലപാട് ശക്തമായ പ്രതിഷേധമുളവാക്കുന്നതാണ്. ഈ സാഹചര്യത്തിൽ സഭയിൽ ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഗവൺമെന്റ് ഈ വിഷയത്തെ കുറച്ചു കൂടി ഗൗരവത്തിൽ സമീപിക്കേണ്ടതായിരുന്നു. നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധിക്കുകയും ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നുവെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി ഇവിടെ യുണ്ട്. ഈ ഗവൺമെന്റിന്റെ ആരംഭകാലത്ത് 180–ഉം 190–ഉം ശതമാനം വരെ തുക ചെലവഴിക്കുന്ന തരത്തിലേക്ക് നിർമ്മാണപ്രവൃത്തികൾ നടത്താൻ കഴി ഞ്ഞിരുന്നു. ഇപ്പോൾ അത്തരത്തിൽ പണി നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രിക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ? കരാറുകാർക്ക് പണം കിട്ടാത്തതിന്റെ പേരിൽ പണികളേറ്റെടുക്കാൻ അവർ വിസമ്മതിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതിന്റെ പേരിൽ നാട്ടിലെ വികസന പ്രവർത്തനങ്ങൾ മുഴുവൻ മുരടിക്കുകയാണ്. കരാറുകാർ നേരത്തേ എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്കിൽ, ചിലയിടത്തൊക്കെ മൈന സായി പണികളേറ്റെടുത്തിരുന്നുവെങ്കിൽ ഇന്ന് വളരെയധികം അധികരിച്ച നിരക്കിലേക്ക് ടെണ്ടർ വിളിക്കുന്ന സ്ഥിതിയാണ്. സർക്കാർ മേഖലയിലെ മരാമത്തുപണികൾ നടക്കുന്നില്ലെന്നു മാത്രമല്ല കേരളത്തിനുപുറത്തുനിന്നു വന്ന 25 ലക്ഷം തൊഴിലാളികൾക്ക് പണിയില്ലാതാവുകയുമാണ്. കേരള ത്തിലെ തൊഴിലാളികളടക്കം അവർക്ക് പണിയില്ലാതാകുമ്പോഴുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളടക്കം ചർച്ചചെയ്യപ്പെടേണ്ട ഗൗരവതരമായ വിഷയമാ ണിത്. നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുകയും കരാറുകാർക്ക് കൊടുക്കാനു ളള പണം കൊടുത്ത് ആ മേഖലയിലെ പണികൾ പുനരാരംഭിക്കുകയും ചെയ്തില്ലെങ്കിൽ കേരളത്തിൽ വികസനം മുരടിക്കും. കരാറുകാരുടെ വക്കാ ലത്ത് എന്ന് മന്ത്രി ആക്ഷേപിച്ചിട്ട് കാര്യമില്ല. പണിയെടുക്കുന്ന കരാറുകാർക്ക്

പണം കൊടുക്കേണ്ടത് ന്യായമായ കാര്യമാണ്. വക്കാലത്തെന്ന ആക്ഷേപം വേണ്ട. നമ്മുടെ നാട്ടിലെ/മണ്ഡലങ്ങളിലെ നിർമ്മാണപ്രവൃത്തികൾ ഏറ്റെ ടുത്ത് നടത്തുന്ന കരാറുകാർ സാമൂഹ്യവിരുദ്ധരാണെന്ന ചിന്തയൊന്നും ഞങ്ങൾക്കില്ല. അവർ ഉന്നയിക്കുന്ന ആവശ്യം ന്യായമാണ്. ഈ നാട്ടിൽ നിർമ്മാണ പ്രവൃത്തികൾ നടക്കണം, സാമഗ്രികൾ ലഭ്യമാകണം. ഇക്കാര്യ ത്തിൽ വേണ്ടത്ര ഗൗരവം സർക്കാർ കാട്ടാതെ തീരെ ലഘുവായി ഈ വിഷ യത്തെ കൈകാര്യം ചെയ്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയംഗ ങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുന്നു വെന്നുള്ളത് പ്രതിപക്ഷ പാർട്ടിയുടെ നേതാക്കൻമാരെല്ലാം പറഞ്ഞുകഴിഞ്ഞു. ഞാൻ ആ വിഷയത്തെപ്പറ്റി സംസാരിക്കുന്നില്ല. ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടേയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടേയും ശ്രദ്ധ യിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫിന് എഴുതിക്കൊടുത്ത ഒരു ചോദ്യത്തിന്റെ ഉത്തരമാണ് – തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഡിവിഷന്റെ കീഴിൽമാത്രം കുടി വെള്ള പദ്ധതിയുടെ പൈപ്പുകളൊക്കെ റിപ്പയർ ചെയ്യുന്ന ചെറിയ കോൺട്രാ ക്ടർമാർക്ക് മൂന്ന് കോടി രൂപ കൊടുക്കാനുണ്ട്. എന്റെ മണ്ഡലത്തിൽ രണ്ട് സ്ഥലത്ത് വെള്ളം കിട്ടുന്നില്ലെന്നുപറഞ്ഞ് നാട്ടുകാർ വണ്ടിപിടിച്ച് വീട്ടിൽ വന്നു. ഞാൻ വിളിച്ചു ചോദിച്ചപ്പോൾ, അവരുടെ കാശ് കിട്ടാതെ പുതിയ

വർക്ക് ഏറ്റെടുക്കില്ലെന്നാണ് അറിയിച്ചത്. ഒടുവിൽ ഞാൻ കാശുകൊടുത്ത് റിപ്പയർ ചെയ്ത് വെള്ളം കൊടുത്തു. കുടിവെള്ളം കിട്ടാത്ത അവസ്ഥ നാട്ടിലുണ്ടാവുകയെന്നുപറഞ്ഞാൽ  വലിയ പ്രയാസമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് കുടിവെള്ളത്തിന്റെ പ്രശ്നമെങ്കിലും അടിയന്തിരമായി പരിഹരിക്കണം. ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച  ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)